(സി) ഇതിനുള്ള തുക എങ്ങനെ സമാഹരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) 28-6-2014-ലെ സ.ഉ.(എംഎസ്.)102/2014/റ്റി.ഡി. പ്രകാരം എക്സൈസ് വകുപ്പിലെ യൂണിഫോംഡ് വിഭാഗത്തിന് ആരോഗ്യ ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടെയുണ്ടാകുന്ന പരിക്ക്, മരണം മുതലായ കാര്യങ്ങൾക്കാണ് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുള്ളത്.

(സി) ഇതിനുള്ള തുക സർക്കാർ വഹിക്കുന്നതാണ്.

(ഡി) 2014-15 സാമ്പത്തിക വർഷത്തിലെ ആദ്യ ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തി 2 കോടി രൂപ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

സംസ്ഥാനത്ത് മദ്യത്തിന്റെ ഉപയോഗം

86 (7649) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി സംസ്ഥാനത്ത് മദ്യത്തിന്റെ ഉപയോഗം വർദ്ധിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എത്ര ശതമാനം വർദ്ധനവാണ് ഓരോ വർഷവും ഉണ്ടായിരിക്കുന്നത് എന്നതിന്റെ ജില്ലാതല വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ & ബി) കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ മുഖേന കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ നടത്തിയ വില്പനയുടെ കണക്കുകൾ പ്രകാരം മദ്യവില്പനയുടെ അളവ് കുറയുകയാണുണ്ടായത്. വിശദാംശം ചുവടെ ചേർക്കുന്നു :

ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന്റെ വില്പന
(അളവിന്റെ അടിസ്ഥാനത്തിൽ)

വർഷം	വില്പന കെയ്സ് (ലക്ഷത്തിൽ)	വർദ്ധനവ്(കുറവ് ശതമാനത്തിൽ)
2011-12	241.78	11%
2012-13	244.33	1%
2013-14	240.67	-1%

LIBRARY ARCHIVES Kerala Legislative Assembly

ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന്റെ വില്പന
(തുകയുടെ അടിസ്ഥാനത്തിൽ)

വർഷം	ആകെ വില്പന മൂല്യം (രൂപ കോടിയിൽ)	വില്പന മൂല്യം (ശതമാനത്തിൽ)
2011-12	7862	17%
2012-13	8818	12%
2013-14	9350	6%

ജില്ലാതല വിശദാംശം ശേഖരിച്ച് ലഭ്യമാക്കുന്നതാണ്.

അനധികൃത സ്പിരിറ്റ് കടത്ത്

87 (7650) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാർ ലൈസൻസ് നിഷേധിച്ചതിനെത്തുടർന്നുള്ള കാലയളവിലെ അനധികൃത സ്പിരിറ്റ് കടത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) 2014 ഏപ്രിൽ മാസത്തിനുശേഷം അനധികൃതമായി കടത്തിയ എത്ര ലിറ്റർ സ്പിരിറ്റാണ് പിടിച്ചെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) കള്ളചാരായ വില്പന തടയുന്നതിന് എന്തെല്ലാം നടപടികളാണ് എക്സൈസ് വകുപ്പ് സ്വീകരിച്ചിട്ടുള്ളത് ;

(ഡി) കള്ളചാരായ വിൽപ്പന നടത്തുന്ന എത്ര പേരെയാണ് 2013-14 വർഷത്തിൽ പിടിച്ചിട്ടുള്ളത് ;

(ഇ) ഇതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകളാണ് കോടതികളിൽ നിലവിലുള്ളത് ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 9728 ലിറ്റർ.

(സി) എല്ലാ എക്സൈസ് ഡിവിഷനുകളിലും കൃത്യമായ എൻഫോഴ്സ്മെന്റ് പ്രവർത്തനം നടത്തിവരുന്നു. നിലവിലുള്ള സംവിധാനങ്ങൾക്ക് പുറമെ എല്ലാ ഡിവിഷനുകളിലും രാത്രികാല വാഹന പരിശോധന നടത്തുന്നതിനും എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനുമായി സ്ട്രൈക്കിംഗ് ഫോഴ്സുകൾ പ്രവർത്തിക്കുന്നുണ്ട്. രാത്രിയും പകലും വിവിധ എക്സൈസ് പാർട്ടികൾ ദേശീയപാതകളിലും മറ്റ് പ്രധാന റോഡുകളിലും

LIBRARY ARCHIVES Kerala Legislative Assembly